## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ.റ്റി.വി IAS)**

**ഉത്തരവ് നം.WCD/E9/14181/2020** **തിരുവനന്തപുരം,തീയതി:07.01.2021**

വിഷയം:- വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം – സീനിയർ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. 03.11.2020 ലെ WCD-E8/1616/2020(1) നം ഗസറ്റ് വിജ്ഞാപനം.
2. സ.ഉ (സാ.ധാ) നം.283/2020/സാ.നീ.വ തീയതി-25.06.2020.

വനിത ശിശു വികസന വകുപ്പിൽ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന സീനിയർ സൂപ്രണ്ട് തസ്തികയിൽ ആകെയുള്ള 24 തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്.കാസർഗോഡ് ഐ.സി.ഡി.എസ്സ് സെല്ലിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.ഉഷ കുമാരി രമായി 30.04.2020 ന് സർവ്വീസിൽ നിന്നും വിരമിച്ചതു മുഖേനയും പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ വനിതശിശു വികസന ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.മോഹൻ ദാസ്.ജെ നിർഭയ സെല്ലിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ചതിലൂടെയുമാണ് പ്രസ്തുത 2 ഒഴിവുകൾ നിലവിൽ വന്നിട്ടുള്ളത്. വകുപ്പിൽ നിലവിലുള്ള 2 സീനിയർ സൂപ്രണ്ട് തസ്തികയിലെ ഒഴിവുകളിലേയ്ക്കും ലോവർ ഡി.പി.സി തയ്യാറാക്കിയ സർക്കാർ അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച പരാമർശം (1) സെലക്ട് ലിസ്റ്റിലെ ആദ്യ 2 ഉദ്യോഗസ്ഥർ ഉദ്യോഗക്കയറ്റത്തിന് അർഹരാണ്.

മേൽ സാഹചര്യത്തിൽ നിലവിലുള്ള 2 സീനിയർ സൂപ്രണ്ട് തസ്തികകളിലേയ്ക്കും പരാമർശിത സെലക്ട് ലിസ്റ്റിലെ ക്രമ നം. 1, 2 ആയി ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ജീവനക്കാർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ കെ.എസ് & എസ്.എസ്.ആർ ചട്ടം 28 (എ) പ്രകാരം 36600-79200 രൂപ ശമ്പള സ്കെയിലിൽ ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ സേവനമനുഷ്ഠിക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1. | ശ്രീ.ക്രിസ്റ്റി.സി.ഉതുപ്പ്<br>ജൂനിയർ സൂപ്രണ്ട്,<br>പ്രോഗ്രാം ഓഫീസ്, മലപ്പുറം | സീനിയർ സൂപ്രണ്ട്<br>പ്രോഗ്രാം ഓഫീസ്,<br>കാസർഗോഡ്. |
| 2. | ശ്രീ.സത്യൻ.വി.സി<br>ജൂനിയർ സൂപ്രണ്ട്, ജില്ല വനിത ശിശു വികസന ഓഫീസ്, മലപ്പുറം | സീനിയർ സൂപ്രണ്ട്<br>ജില്ല വനിത ശിശു വികസന ഓഫീസ്, തിരുവനന്തപുരം. |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കും. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

ജീവനക്കാരെ ഉടൻ പ്രാബല്യത്തിൽ കാര്യാലയ മേധാവികൾ വിടുതൽ ചെയ്യേണ്ടതും ജീവനക്കാർ യഥാസമയം ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച റിപ്പോർട്ടും ആർ.ടി.സിയും കാര്യാലയ മേധാവികൾ അയച്ചു തരേണ്ടതാണ്.

(ഒപ്പ്)
വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
(കാര്യാലയ മേധാവി മുഖേന)

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
3. ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്
4. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. ഡയറക്ടറുടെ സി.എ
6. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്